**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2242** **11-10-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ജില്ലയിലെ പറവൂരിൽ നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിലെ പറവൂരിൽ നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിന് എത്ര കോടി രൂപയാണ് നിർമാണച്ചെലവ് കണക്കാക്കിയിട്ടുള്ളതെന്നും എത്ര കുടുംബങ്ങൾക്കായാണ് ഇത് നൽകുന്നതെന്നും വ്യക്തമാക്കാമോ; | (എ) | ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിലെ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന 156 അപ്പാർട്ട്മെൻറുകൾ അടങ്ങിയ ഭവന സമുച്ചയത്തിന് 35,02,74,610 രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. |
| (ബി) | എട്ട് മാസം കൊണ്ട് നിർമ്മാണം പൂർത്തിയാക്കുമെന്ന് പ്രഖ്യാപിച്ച് നിർമ്മാണം ആരംഭിച്ച പദ്ധതി ഒന്നരവർഷം കഴിഞ്ഞിട്ടും അടിത്തറ നിർമ്മാണത്തിൽ മാത്രം നിൽക്കുകയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പ്രസ്തുത നിർമ്മാണത്തിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്നും ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ ? | (സി) | കോവിഡ് 19 സാഹചര്യവും മറ്റു സാങ്കേതിക കാരണങ്ങളാലും നിർമ്മാണത്തിന് കാലതാമസ്സം നേരിട്ടിട്ടുണ്ട്. നിർമ്മാണം അടിയന്തിരമായി പുനരാരംഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ